# ജൈവാധികാരത്തിൻറെ ഭിന്നമുഖങ്ങൾ– 'തക്കിജ്ജ എൻറെ ജയിൽജീവിതം '– അടിസ്ഥാനമാക്കിയുള്ള നിരീക്ഷണം

**ഡോ.ബീന.കെ**

**പ്രബന്ധസംഗ്രഹം**

ഭരണകൂടം നടപ്പിലാക്കുന്ന ശിക്ഷണാധികാരം എന്നത് ജൈവാധികാരരൂപങ്ങളിലൊന്നാണ്. മനുഷ്യശരീരത്തേയും ഇച്ഛകളേയും നിയന്ത്രിക്കാനും അമർച്ച ചെയ്യാനും ക്രമപ്പെടുത്താനും തടവറകളിൽ പ്രയോഗിക്കപ്പെടുന്ന ഈ അധികാര രൂപം പലപ്പോഴും നിരപരാധികളായ വ്യക്തികളുടെ അപമാനവീകരണത്തിനും കാരണമാകാറുണ്ട്. ഭരിക്കപ്പെടുന്നവൻറെ ജീവിതാധികാരത്തെ ക്കുറിച്ചുള്ള തിരിച്ചറിവിലേക്ക് അത് മനുഷ്യനെ നയിക്കുന്നുണ്ട്. നിരപരാധിയായ ഒരു വ്യക്തിശരീരത്തിന് മേൽ മാലദ്വീപ് ഭരണകൂടം നടപ്പിലാക്കിയ അധികാര പ്രയോഗങ്ങളാണ് ജയചന്ദ്രൻ മൊകേരിയുടെ 'തക്കിജ്ജ എൻറെ ജയിൽ ജീവിതം' എന്ന ജയിലോർമ്മകൾ ഈ കൃതിയെ ജൈവരാഷ്ട്രീയപരികല്പനയുടെ പശ്ചാത്തലത്തിൽ പഠനവിധേയ മാക്കുകയാണ് പ്രബന്ധം.

**താക്കോൽ വാക്കുകൾ**

ജൈവാധികാരം, ജൈവരാഷ്ട്രീയം, അധികാരരൂപങ്ങൾ, ശിക്ഷണാധികാരം, അപമാനവീകരണം

ജൈവാധികാരത്തിൻറെ വകഭേദമായി വായിക്കപ്പെടുന്ന രാഷ്ട്രീയപരികല്പനയാണ് ജൈവരാഷ്ട്രീയം ജീവിതയാഥാർത്ഥ്യ ങ്ങളിലേക്ക് തുറക്കുന്ന രാഷ്ട്രീയചിന്തയിലെ മുഖ്യ ആശയസങ്കല്പമാണിത്. അധികാരത്തെക്കുറിച്ചുള്ള ഏകപക്ഷീയസങ്കല്പങ്ങളെ മറികടക്കാൻ ജൈവരാഷ്ട്രീയം ശ്രമിക്കുന്നു. നിയന്ത്രണത്തിൻറേയും അച്ചടക്കത്തിൻറേയും അടിച്ചമർത്തലിൻറേയും രൂപത്തിൽ ഏകപക്ഷീയമായി പ്രവർത്തിക്കുന്ന അമൂർത്തതയുടെ ഭിന്നരൂപങ്ങൾ മാത്രമാണ് അധികാരത്തെ സംബന്ധിച്ച പാശ്ചാത്യ ധാരണ. ഇതിനെ മറികടന്ന്കൊണ്ട് ജീവിതവും രാഷ്ട്രീയവും തമ്മിലുള്ള ബന്ധമാണ് ജൈവരാഷ്ട്രീയം എന്ന പരികല്പന ഉൾക്കൊള്ളുന്നത്. ഫൂക്കോ വിശദീകരിക്കുന്ന ജൈവാധികാര രൂപങ്ങളിൽ ഒന്ന് ശിക്ഷണാധികാരമാണ്. തടവറകളിൽ വ്യക്തികളുടെ ശരീരങ്ങളെ നിയന്ത്രിക്കാനും ക്രമപ്പെടുത്താനും ഉപയോഗിക്കുന്ന അധികാരം ഇതിൽ ഉൾപ്പെടുന്നു. വളരെ സങ്കീർണ്ണവും സൂക്ഷ്മവുമായ ആശയമാണ് ജൈവാധികാരം എന്ന പദം ഉൾക്കൊള്ളുന്നത് ജീവിതാധികാര ത്തെക്കുറിച്ചുള്ള തിരിച്ചറിവിനാണ് ജൈവരാഷ്ട്രീയം ഊന്നൽ നൽകുന്നത്. ജൈവരാഷ്ട്രീയം എന്ന പരികല്പനയുടെ ഉദയത്തെക്കുറിച്ച് ബി രാജീവൻ ഇങ്ങനെ നിരീക്ഷിക്കുന്നു. ഭരിക്കപ്പെടുന്നവരുടെ നിലനില്പിൻറെ സ്വാതന്ത്ര്യത്തിൽ പ്രവർത്തിക്കുന്ന ജീവിതാധികാരത്തിൻറെ ഉണ്മയുടെ വീണ്ടെടുപ്പ് രാഷ്ട്രീയചിന്തയിൽ ത്തന്നെ മുൻപില്ലാത്ത ഒരു നൂതന മണ്ഡലം ഉദ്ഘാടനം ചെയ്തിരിക്കുന്നു.[1]

മാനവരാശിയുടെ ഉന്നമനത്തിനായി ജൈവാധികാര രൂപങ്ങളെ ഉപയോഗിക്കുമ്പോൾത്തന്നെ മറുവശത്ത് അത് അസമത്വങ്ങളെ സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുന്നു. പുതിയ മെഡിക്കൽ സാങ്കേതിക വിദ്യകൾക്കും ദാരിദ്ര്യനിർമ്മാർജ്ജനത്തിനും വികസനങ്ങൾക്കും ഒക്കെ ജൈവാധികാരം ഉപയോഗിക്കു മ്പോൾത്തന്നെ റേസിസം, ലിംഗവിവേചനം മുതലായവ പലപ്പോഴും ജൈവാധികാര നടപടികളാൽ ന്യായീകരിക്കപ്പെടുന്നുണ്ട്. ഭരണകൂടങ്ങളിൽ ശരീരത്തെ നിയന്ത്രിക്കുന്നതിനുള്ള നിയമ സംവിധാനങ്ങൾ പ്രാചീനകാലം മുതൽ തന്നെ

നിലനിൽക്കുന്നുണ്ട്. രാഷ്ട്രീയവും സാമൂഹികവുമായ ശക്തികളാൽ രൂപപ്പെടുത്തുന്ന നിയന്ത്രണങ്ങൾ വിവേചനങ്ങൾക്ക് കാരണമാകുന്നു. മാനവസമൂഹത്തിൻറെ പുരോഗതിക്കെന്നപോലെ അപചയത്തിനും അത് കാരണമായിട്ടുണ്ട്. ജനനനിയന്ത്രണങ്ങൾ , ശരീരപരിശോധനകൾ, പകർച്ചവ്യാധികളുടെ നിയന്ത്രണം, ജീനോം എഡിറ്റിംഗ് തുടങ്ങിയവ ജൈവാധികാരത്തിൻറെ പ്രത്യക്ഷപ്രയോഗ രൂപങ്ങളാണ്.

ശിക്ഷണാധികാരമെന്ന ജൈവാധികാരരൂപത്തിൽ ഉപയോഗി ക്കപ്പെടുന്ന ജയിൽനിയമങ്ങൾ തടവുകാർക്ക് നീതി ഉറപ്പാക്കാനും ജയിൽ സംവിധാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും ലക്ഷ്യം വച്ച് നിർമ്മിക്കപ്പെടുന്നവയാണ്. പലപ്പോഴും തടവറകൾ സുശിക്ഷിതരായ, മനഃപരിവർത്തനം സംഭവിച്ച, തിരിച്ചറിവുകൾക്ക് പ്രാപ്തരായ വ്യക്തികളെ സൃഷ്ടിക്കാൻ സാധിക്കാത്തവിധം ജീർണ്ണിച്ചതാണ്. പ്രയോഗിക്കപ്പെടുന്ന നിയമങ്ങളാൽ വ്യക്തികൾ പലപ്പോഴും സ്വാതന്ത്ര്യവും സ്വകാര്യതയും മാന്യതയും നഷ്ടപ്പെട്ട് അപമാനവീകരിക്കപ്പെടുന്നു. വിചാരണ നേരിടുന്ന ഒരുവനെ കുറ്റവാളികളോടൊപ്പം താമസിപ്പിക്കുകയും കുറ്റാവാളിയെന്ന പോലെ പരിഗണിക്കുകയും ചെയ്തുകൊണ്ട് നിരപരാധിയായ വ്യക്തിയെ മാരകമായ അപമാനവീകരണത്തിനും കഠിനയാതനകൾക്കും ഇടയാക്കിയ ഭരണകൂടത്തിൻറെ അധികാരപ്രയോഗത്തെ സ്വന്തം ജയിൽ അനുഭവങ്ങളിലൂടെ വെളിപ്പെടുത്തുന്ന രചനയാണ് ജയചന്ദ്രൻ മൊകേരിയുടെ 'തക്കിജ്ജ എൻറെ ജയിൽജീവിതം' എന്നത്.

എഴുത്തുകാരനും അധ്യാപകനുമായിരുന്ന ജയചന്ദ്രൻ എന്ന വ്യക്തിക്ക് മാലദ്വീപിലെ തടവറകളിൽ നേരിടേണ്ടി വന്ന കഠിനമായ യാതനകളാണ് ഇതിലെ പ്രമേയം. മാലദ്വീപിലെ സ്കൂളിൽ അധ്യാപകനായെത്തുന്ന ജയചന്ദ്രൻറെ ദ്വീപിൽ നിന്നും ദ്വീപിലേക്കും തടവറകളിൽ നിന്നും തടവറകളിലേക്കുമുള്ള യാത്രകളും തീവ്രമായ ജീവിതാനുഭവങ്ങളും തെളിമയോടെ ആഖ്യാനം ചെയ്യുന്നു. അധ്യാപകനെ വ്യാജക്കേസിൻറെ കെണിയിൽപ്പെടുത്തി തുടർപീഡനങ്ങൾക്കിരയാക്കുന്ന

ഭരണകൂടത്തേയും ജയിൽനിയമങ്ങളേയും മാലദ്വീപിലെ ഇന്ത്യൻ എംബസിയുടെ കെടുകാര്യസ്ഥതയേയും ഉദ്യോഗസ്ഥരുടെ നിരുത്തരവാദപരമായ പ്രവൃത്തികളേയും മേലധികാരികളുടെ ചതിപ്രയോഗങ്ങളേയും എല്ലാം മറനീക്കി കാണിക്കുന്ന അനുഭവസാക്ഷ്യമാണ് ഈ കൃതി.

ഗുരുശിഷ്യബന്ധത്തിന് യാതൊരുവിധ മാന്യതയും കല്പിക്കാത്ത ഒരു വിദ്യാർത്ഥി സമൂഹത്തിൻറെ കെണിയിൽപെട്ടുപോയ നിരപരാധിയായ ഒരധ്യാപകൻറെ സഹനാനുഭവങ്ങളെക്കുറിച്ച് കെ.ജി.ശങ്കരപ്പിള്ള ഇങ്ങനെ എഴുതുന്നു. 'തടവറ എത്ര മാരകമായ അപമാനവീകരണമെന്ന്, നിന്ദയെന്ന്, സഹനമെന്ന്, മറുപടിയില്ലാത്ത സംഭാഷണത്തിൻറെ ഏകാന്തതയെന്ന് , നമ്മുടെ തൊട്ടടുത്തിരുന്ന് പറയുന്ന ജയചന്ദ്രൻ.' [2]

നിരപരാധിക്കും അപരാധിക്കും തടവറയെ സമാനമായി ഉൾക്കൊള്ളാനാവില്ല. അപരാധിക്കതിനെ ലാഘവത്തോടെ കാണാനാകുമ്പോൾ അഭിമാനിയായ ഒരുനിരപരാധിക്ക് അത് അപമാനവും ഇരുട്ടും അസ്വതന്ത്രതയും അപമാനവീകരിക്കലുമാണ്. ക്ലാസ്സിൽ അനുസരണക്കേട് കാട്ടിയ ശിഷ്യൻറെ ദേഹത്തൊന്ന് തൊട്ടുപോയ അധ്യാപകനെതിരെ ലൈംഗികപീഡനമെന്ന് സ്കൂൾ അധികൃതർക്ക് വിദ്യാർത്ഥി പരാതി നൽകിയതിൻറെ പേരിൽ നിയമനടപടികൾ നേരിടേണ്ടി വന്ന ദൗർഭാഗ്യമാണ് എഴുത്തുകാരന് സംഭവിച്ചത്. തനിക്ക് മേലുള്ള ആരോപണം വിദ്യാർത്ഥിയും കുടുംബവും പിൻവലിച്ചിട്ടും നിയമനടപടികൾ നേരിടേണ്ടി വരികയും എട്ടുമാസവും ഇരുപത് ദിവസവും മാലദ്വീപിലെ വിവിധ ജയിലുകളിൽ ദുരിതം പേറി കഴിയേണ്ടി വരികയും ചെയ്യുന്നു. മാലദ്വീപിനെക്കുറിച്ചെഴുതിയ ഓൺലൈൻ ലേഖനങ്ങളുടെ തെറ്റായ പരിഭാഷകളോ വ്യാഖ്യാനങ്ങളോ മാലദ്വീപിലെ ഭരണകൂടത്തെ തെറ്റിദ്ധരിപ്പിച്ചതാകാം ചിലപ്പോൾ തനിക്കെതിരെയുള്ള ശിക്ഷാനടപടികൾ അവസാനിപ്പിക്കാത്തതിന് കാരണമെന്നും എഴുത്തുകാരൻ സംശയിക്കുന്നുണ്ട്. ദ്വീപിലെ കൗതുകക്കാഴ്ചകളും ദ്വീപിലെ നിയമങ്ങളും ജീവിതരീതികളുമൊക്കെയാണ് താനെഴുതിയതെന്നും ഇവയൊന്നും മാലദ്വീപ് എന്ന സ്വതന്ത്ര രാഷ്ട്രത്തിനോ അവിടത്തെ

ഭരണകൂടത്തിനോ ആ ജനതയ്ക്കോ ജീവിതരീതികൾക്കോ എതിരാണെന്ന് പറയാനാകുന്നില്ല.

അറസ്റ്റ് ചെയ്യപ്പെട്ട ജയചന്ദ്രനെതിരെയുള്ള പരാതി വിദ്യാർത്ഥിയുടെ കുടുംബം പിൻവലിക്കുകയും സ്കൂൾ അധികൃതർ വിദ്യാഭ്യാസ വകുപ്പിനും പോലീസ് കമ്മീഷണർക്കും ജയചന്ദ്രനെ മോചിപ്പിക്കണമെന്നാവശ്യപ്പെട്ട് കത്തയയ്ക്കുകയും ചെയ്തിട്ടും സ്കൂൾ അധികൃതർ അദ്ദേഹത്തെ ജോലിയിൽ നിന്ന് പിരിച്ച് വിട്ടതായി ഉത്തരവിറക്കുന്നു. 'പുതിയ മെത്തഡോളജി അറിയില്ല' എന്നതാണ് പിരിച്ച് വിടലിന് കാരണമായി അവർ രേഖപ്പെടുത്തിയത്. ജയചന്ദ്രൻ നിരപരാധിയാണ് എന്നതിന് വ്യക്തമായ തെളിവുകളായി പിന്നീട് ഈ രേഖകൾ ഉപയോഗപ്പെടുന്നുമുണ്ട്. കേസ് പിൻവലിക്കപ്പെട്ടിട്ടും അദ്ദേഹം കുറ്റവാളി യാണ് എന്ന രീതിയിൽത്തന്നെയാണ് അവിടു ത്തെ ഇന്ത്യൻഎംബസി വിദേശകാര്യ വകുപ്പിന് കത്തുകളയച്ചു കൊണ്ടിരുന്നത്. മാലദ്വീപ് ഭരണകൂടം ഇൻഡ്യൻ വംശജരോട് കാണിക്കുന്ന സ്വേച്ഛാധിപത്യപരമായ പ്രവർത്തനങ്ങൾ പലപ്പോഴും വെളിപ്പെടുത്തുന്നുണ്ട്.

മാലദ്വീപിലെ ഭാഷ ദ്വിവേഹിയാണ്. തക്കിജ്ജ എന്ന പദത്തിന് 'പുറത്തേക്ക്' എന്നർത്ഥമാണുള്ളത്. തടവറയിൽ കഴിയുന്ന ഓരോരുത്തരും കേൾക്കാനാഗ്രഹിക്കുന്ന പദമാണത്. വിദേശികളെ വിചാരണ ചെയ്യുമ്പോൾ പാലിക്കേണ്ട ഭാഷാപരമായ മര്യാദ മാലദ്വീപിൽ ഇല്ല. ദ്വിവേഹി ഭാഷയാണ് കോടതിയിൽ ഉപയോഗിക്കുന്നത്. മാലദ്വീപിലെ ജനസംഖ്യയിൽ മൂന്നിലൊന്ന് ബംഗാളികളാണ്. അവരിൽ ധാരാളം കുറ്റവാളികളുണ്ട്. ക്രിമിനലുകളും മയക്കമരിന്നിനടിമയായവരും , മാലദ്വീപുകാരായ ധാരാളം കുറ്റവാളികളും തടവറകളിലുണ്ട്. ഒരേ സ്ഥലത്ത് സ്വദേശികൾക്കും വിദേശികൾക്കും ഒരേ കുറ്റത്തിന് രണ്ട്തരം ശിക്ഷയാണ് നൽകപ്പെടുന്നത്. കടുത്ത ദാരിദ്ര്യത്തിൽ നിന്നും മോചനത്തിനായി മാലദ്വീപിലെത്തി ശരീരം വിറ്റ് ജീവിക്കുന്ന ധാരാളം ബംഗ്ലാദേശ് പെൺകുട്ടികൾ അവിടെയുണ്ട്. ബംഗാളി പുരുഷൻമാരും ധാരാളമായി ചൂഷണത്തിന് വിധേയരാക്കപ്പെടുന്നു. മാലദ്വീപിലെ സ്ത്രീകളാൽ വഞ്ചിതരാകുന്ന ബംഗാളി പുരുഷന്മാരുമുണ്ട്.

സ്വന്തം ജീവിതം കഠിനമായ യാതനകളിലൂടെ കടന്ന് പോകുമ്പോൾത്തന്നെ ജയിലറകളിലെ വിചിത്ര സ്വഭാവികളും വ്യത്യസ്തവുമായ ധാരാളം മനുഷ്യരുടെ ജീവിതാനുഭവ ആഖ്യാനങ്ങളുടെ അറിവും ഉൾക്കൊള്ളാനാകുന്നു. ഭരണകൂടത്തിനെതിരെ പ്രസംഗിച്ചതിന് തടവറയിലായ തൗഫീക്ക് എന്ന ദ്വീപുകാരൻ, നിരപരാധിയായ ലാബ്ടെക്നീഷ്യൻ രാജേഷ്, സഹോദരസ്നേഹം അനുഭവിപ്പിച്ച് കടന്നുപോയ നിരപരാധിയായ അബ്ദുള്ള, കെൻ, പ്രകാശ്, ചതിയനായ സുഹൃത്ത് സത്താർ, ഹാറൂൺ, വാഹിദ്, ക്രിസ്റ്റഫർ, പാർത്ഥിപൻ, റുബീന, വക്കീൽ സഹീൻ, മുളവർ, രാഹുൽ, ആനന്ദ്, മനുഷ്യക്കടത്തുകാരനായ ജാവേദ്, അലി, സർഫുദ്ദീൻ എന്ന് തുടങ്ങി സ്വദേശികളും വിദേശികളുമായ വ്യത്യസ്ത മനുഷ്യരെ അറിയാനും തിരിച്ചറിയാനുമുള്ള ഇടം കൂടിയായി ത്തീരുന്നു എഴുത്തുകാരന് അവിടം.

മാലദ്വീപിലെ ഔദ്യോഗികമതം ഇസ്ലാമാണ്. മാത്രമല്ല പുറംലോകവുമായി അധികം സമ്പർക്കമില്ലാത്ത ആ ജനതയ്ക്ക് മറ്റു മതങ്ങളേയോ വിശ്വാസങ്ങളേയോ സഹിഷ്ണുതയോടെ ഉൾക്കൊള്ളാനാകുമായിരുന്നില്ല. എല്ലാവരും പ്രാർത്ഥിക്കുന്നത് തനിക്ക് വേണ്ടിക്കൂടിയാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു. പ്രാർത്ഥനയെക്കുറിച്ച് അദ്ദേഹം ചിന്തിക്കുന്നത് 'മനസ്സിൻറെ അകങ്ങളിൽ പിറവികൊള്ളുന്ന ഒരാളുടെ ഏകാഗ്രമായ യാത്രയും അന്വേഷണവുമല്ലേ? അതിസാഹസികം എന്ന് തോന്നാവുന്ന ഒറ്റയാൾ യാത്ര' എന്നാണ്[3] മാത്രമല്ല അധികാര വ്യവസ്ഥയ്ക്ക് വിധേയപ്പെട്ട് മാനസിക സംഘർഷത്തിലും സമ്മർദ്ദത്തിലും പെട്ട് പോകുമ്പോൾ പ്രാർത്ഥന കൊണ്ട് മാനസിക സംതുലനം കൈവരുത്താൻ ശ്രമിക്കുന്ന വരേയും തടവറകളിൽ കാണുന്നു. എന്നാൽ ഇസ്ലാം മതത്തെ മാത്രം അംഗീകരിക്കുന്ന മാലദ്വീപ് ഭരണകൂടം മറ്റെല്ലാ മതവിശ്വാസങ്ങളേയും തിരസ്കരിക്കുന്നു. മാത്രമല്ല തടവറയിലെത്തിയ ബൈബിൾ കോപ്പികൾ കണ്ടെടുത്ത് നശിപ്പിക്കുന്നു.

ദ്വീപിലെ യഥാർത്ഥ അത്ഭുതങ്ങൾ തടവറയിലാണ് ഏറ്റവും കൂടുതൽ താൻ കണ്ടതെന്ന് അദ്ദേഹം എഴുതുന്നു. 'ജയിലിനകത്ത് ഓരോ തടവുകാരനും ഓരോ തുരുത്തിലാണ്'.[4] എന്നും

'മടുപ്പും ഏകാന്തതയും വിരസതയും കാർന്ന് തിന്നുന്ന ശരീരവും മനസ്സുമാണ് തടവുകാരുടേത്. തടവുമുറികൾ ഭൂമിയിലെ നരകവും'[5] എന്ന് അദ്ദേഹം എഴുതുന്നുണ്ട്. ഏറെ നേരം മുറുകികിടന്ന വിലങ്ങഴിക്കുമ്പോൾ അനുഭവിക്കുന്ന സ്വാതന്ത്ര്യത്തെയോർത്ത് വേദനകൾ ആപേക്ഷികമാണെന്ന തിരിച്ചറിവിലേക്കും അനുസരണയുള്ള ഒരു മൃഗമാണ് താനെന്ന ആത്മനിന്ദയിലേക്കും അയാൾ സഞ്ചരിക്കുന്നു. നിശ്ചലതയിലേക്കെത്താൻ വെമ്പി നിന്ന ഒരു മനസ്സിനേയും സ്വാതന്ത്ര്യത്തിൻറെ വിഹായസ്സിലേക്കുയരാൻ മരണം വരിക്കാനാഗ്രഹിച്ചുപോയ നിമിഷത്തേയും പ്രിയപ്പെട്ടവരുടെ മുഖങ്ങളുടെ ഓർമ്മകളാൽ ക്ഷണത്തിൽ തിരികെപ്പിടിച്ച ജീവനേയും അദ്ദേഹം വാക്കുകളിൽ ആവാഹിക്കുന്നു. നിരപരാധിയായ ഒരു മനുഷ്യൻറെ ശരീരത്തിന് മേൽ ഭരണകൂടം ഏൽപ്പിച്ച അധികാര രൂപങ്ങളെ ജീവിതാധികാരവുമായി ചേർത്ത് വയ്ക്കുന്ന ജൈവരാഷ്ട്രീയത്തിൻറെ കൃത്യമായ നേർക്കാഴ്ചയാണിവിടെയുള്ളത്.

തടവറയിലെ സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള ഒരു നിരീക്ഷണം ഇപ്രകാരമാണ്. 'സ്വാതന്ത്ര്യം എത്രപെട്ടെന്നാണ് നീർക്കുമിളയായി രൂപാന്തരം പ്രാപിച്ചത് അഴികൾക്കകത്തു നിന്ന് സ്വാതന്ത്ര്യത്തെ ഞാൻ ഇപ്പോൾ കൂടുതൽ അറിയുന്നുണ്ട്. ഈ അടഞ്ഞ മുറിക്കപ്പുറത്തുള്ള വെളിച്ചത്തിൻറെ അനർഗള പ്രവാഹവും ഇടതടവില്ലാത്ത കാറ്റിൻറേയും മഴയുടേയും സംഗീതവും മഞ്ഞിൻറെ മൂടുപടവും സ്വാതന്ത്ര്യമാണ്. നിലത്ത് ചേർന്ന് കിടക്കുമ്പോൾ കടലലകൾ സ്പഷ്ടമായി കാതിൽ മന്ത്രിക്കുന്നതും സ്വാതന്ത്ര്യമാണ്.'[6] ഒറ്റപ്പെടലിൻറെ നോവുകളെ മറക്കാൻ എഴുത്തും പുസ്തകവായനയും ഒരുവേള സഹായകമാകുന്നുണ്ട്. ക്രിസ്റ്റഫറിന് വേണ്ടി എഴുതിയ പ്രണയക്കവിതയും തടവുകാർക്ക് വിചാരണ ആവശ്യപ്പെട്ട് കൊണ്ട് മേലധികാരികൾക്ക് അയയ്ക്കാൻ തയ്യാറാക്കികൊടുക്കുന്ന കത്തുകളും ഫോൺവിളിക്കുമ്പോൾ മറക്കാതെ പറയാൻ എഴുതി വയ്ക്കുന്ന കുറിപ്പുകളും മാത്രമായി എഴുത്തുകൾ ചുരുങ്ങുന്നു. തടവറയുടെ സമീപത്തെ മരത്തിൽ തളിരിടുന്നതും ഇലകൊഴിയുന്നതും കാണുമ്പോൾ തൻറെ മനസ്സിൽ കൊഴിഞ്ഞ ഇലകൾ മാത്രമുള്ള

മരങ്ങളാണ്. ഒരു ദിനവും മറ്റൊന്നിൽ നിന്ന് വ്യത്യസ്തമല്ലാത്ത തടവറയിൽ ഓണവും വിഷുവും കഴിഞ്ഞ് പോകുന്നു.

മാലദ്വീപിലെ ജയിൽ ജീവിതകാലത്ത് നേരിട്ട വലിയൊരു ദുരന്തം തടവുകാരോട് മാതൃരാജ്യം കാണിച്ച അവഗണനയാണ്. ഇന്ത്യൻ എംബസിയുടെ കെടുകാര്യസ്ഥതയുടെ ഇരയാണ് താനെന്ന് അദ്ദേഹം മനസ്സിലാക്കുന്നുണ്ട്. കേസിൻറെ വിചാരണയ്ക്കുള്ള കടമ്പകൾ നിരവധിയാണ്. ക്രിമിനൽ കോടതിയിലെത്തുന്ന കേസ് പോലീസന്വേഷണം കഴിഞ്ഞ് പ്രോസിക്യൂട്ടർ ജനറലിൻറെ അടുത്തെത്തുന്നു. അവിടെ വക്കീലാണ് പ്രധാനി. പിന്നീട് ശരിഅത്ത് കോടതിയിലേക്ക് കേസ് മാറ്റുന്നു. അതിൽത്തന്നെ നാലു വിചാരണ നേരിടണം. കുറ്റപത്രം വായിക്കൽ, സാക്ഷിവിസ്താരം,, കുറ്റാരോപണം പ്രതിരോധിക്കൽ, വിധിന്യായം എന്നിങ്ങനെയുള്ള കടമ്പകളിലൂടെ കടന്ന് പൊയ്ക്കൊണ്ടിരിക്കവേയാണ് ജയചന്ദ്രന് മോചനം സാധ്യമാകുന്നത്. വിദേശകാര്യമന്ത്രിയായിരുന്ന സുഷമാ സ്വരാജിൻറേയും അന്നത്തെ കേരളാ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിയുടേയും മാധ്യമപ്രവർത്തകരുടേയും സുഹൃത്തുക്കളുടേയും ശക്തമായ ഇടപെടലിലൂടെയാണ് അത് സാധ്യമാകുന്നത്.

മാലദ്വീപിലെ സൗത്ത് സെൻട്രൽ സോണിലുള്ള ഫാഫു അറ്റോളിയിലെ ഫിയലി ദ്വീപിലെ ഫാഫു അറ്റോൾ സ്കൂളിൽ അധ്യാപകനായിരിക്കവേയാണ് അദ്ദേഹം അറസ്റ്റ് ചെയ്യപ്പെടുന്നത്. 'യുദ്ധസമാനമായ ക്ലാസ്സ്മുറികളിൽ നിന്ന് യാതൊരു സംതൃപ്തിയും ലഭിക്കുകയില്ല. കാണുന്നതിലും കേൾക്കുന്നതിലും പറയുന്നതിലും വെറും ലൈംഗികാഭാസം വച്ച് പുലർത്തുന്ന കുട്ടികൾ നിറഞ്ഞ ക്ലാസ്സ്മുറികൾ എന്നാണ് അദ്ദേഹം എഴുതുന്നത്''[7]. സ്റ്റാഫ് മീറ്റിംഗിൽ പരാതിപ്പെട്ടാൽ വാദിപ്രതിയാകും. അതിനാൽ ഒരു 'ഞാണിൻമേൽക്കളിയാണ് ദ്വീപിലെ അധ്യാപനജീവിതം' എന്നദ്ദേഹം രേഖപ്പെടുത്തുന്നു.[8] അഞ്ചാംക്ലാസ്സിൽ പഠിക്കുന്ന ഷാവിൻ മുഹമ്മദ് എന്ന കുട്ടി കുറേതവണ ക്ലാസ്സിലൂടെ ഒച്ചവച്ച് ഓടി നടന്നപ്പോൾ കുട്ടിയുടെ കൈപിടിച്ച് വലിച്ച് കൊണ്ടുപോയി സീറ്റിൽ കൊണ്ട് വന്ന് ഇരുത്തി എന്നതാണ് താൻ ചെയ്തതെന്നും വിദ്യാർത്ഥി പരാതികൊടുക്കാനുണ്ടായ കാരണമതാണെന്നും അദ്ദേഹം എഴുതുന്നുണ്ട്. പ്രിൻസിപ്പൽ പിന്നീടറിയിക്കുന്നത്

വിദ്യാർത്ഥിയുടെ രക്ഷിതാക്കൾ സ്കൂളിൽ പരാതി നൽകിയെന്നും ജെൻഡർ മിനിസ്ട്രിക്ക് പരാതി അയച്ചെന്നുമാണ്. രാത്രിയിലാണ് പോലീസ് എത്തി ഫാഫൂ അറ്റോളിൻറെ ആസ്ഥാനമായ നിലന്ദുവിലെ സ്റ്റേഷനിലേക്കും അവിടെ നിന്നും ധൂണിത ജയിലിലേക്കും പിന്നീട് മാലദ്വീപ് ജയിലിലേക്കും കൊണ്ടുപോകുന്നത്. കുറ്റം തെളിയിക്കുന്നതുവരെ കുറ്റാരോപിതർ കുറ്റവാളിയല്ല എന്ന നീതിന്യായം നിലനിൽക്കവേയാണ് കുറ്റാവാളികൾക്കൊപ്പം പാർപ്പിക്കപ്പെട്ട് ക്രൂരമായ യാതനകൾക്ക് അദ്ദേഹം വിധേയമാകുന്നത്. തന്നെ കുറ്റവാളിയായി കാണുന്നവരുടെ നോട്ടത്തിലെ അറപ്പും ഏറ്റുവാങ്ങിക്കൊണ്ട് കൊലപാതകികളുടേയും കള്ളക്കടത്തുകാരുടേയും സ്ത്രീപീഡകരുടേയും നടുവിൽ കഴിയേണ്ടി വരുന്നത്.

ശിക്ഷണാധികാരം എന്ന ജൈവാധികാര രൂപത്തെ ഭരണകൂടം ശരീരത്തിനുമേൽ എങ്ങനെ പ്രയോഗിക്കപ്പെടുന്നുവെന്ന് 'തക്കിജ്ജ എൻറെ ജയിൽജീവിതം' എന്ന ജയിലോർമ്മകൾ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ജൈവരാഷ്ട്രീയം എന്ന രാഷ്ട്രീയ പരികല്പനയ്ക്കുള്ളിൽ വച്ച് വിശകലന വിധേയമാക്കുമ്പോൾ ഈ കൃതി തുടർ വായനകൾക്ക് സാധ്യതകൾ തുറന്നിടുകയും ചെയ്യുന്നുണ്ട്.

**കുറിപ്പുകൾ**

1.ബി. രാജീവൻ, ജൈവരാഷ്ട്രീയവും, ജനസഞ്ചയവും, മുഖവുര

2.കെ.ജി.ശങ്കരപ്പിള്ള, അവതാരിക, തക്കിജ്ജ എൻറെ ജയിൽ ജീവിതം

3.ജയചന്ദ്രൻ മൊകേരി, തക്കിജ്ജ എൻറെ ജയിൽ ജീവിതം, പുറം 195

4.അതേ പുസ്തകം, പുറം 134

5.അതേ പുസ്തകം, പുറം 48

6.അതേ പുസ്തകം, പുറം 175

7.അതേ പുസ്തകം, പുറം 23

8.അതേ പുസ്തകം, പുറം 24

## ഗ്രന്ഥസൂചി

1.ജയച്ചന്ദ്രൻ മൊകേരി,2019 തക്കിജ്ജ എൻറെ ജയിൽ ജീവിതം, ഡി.സി.ബുക്ക്സ്, കോട്ടയം.

2.രാജീവൻ,ബി,2013, ജൈവരാഷ്ട്രീയവും ജനസഞ്ചയവും, റാസ്ബെറിബുക്ക്സ്, കോഴിക്കോട്

3.സത്യൻ,പി,പി,2017, ഫാസിസത്തിൻറെ രാഷ്ട്രീയ മനഃശാസ്ത്രം, ചിന്ത പബ്ലിഷേഴ്സ് , തിരുവനന്തപുരം.

English

1. Gerald Hopple (Editor),1982 , *Biopolitics, Political Psychology and International Politics*, Francis Publishers, London.

2. Sergei Prozorov,2019, *Democratic biopolitics; Popular Sovereignty and the power of life*, Edinburgh University Press, Edinburgh.

ഡോ. ബീന കെ.

അസിസ്റ്റൻറ് പ്രൊഫസർ

മലയാളവിഭാഗം

ഗവ. കോളേജ് നെടുമങ്ങാട്

beenaanil9@gmail.com

8086051956